"മാതൃഭാഷ - മലയാളം"

കേരള സർക്കാർ

പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പ്

നം.എസ്.എസ്.1/264/2020/പൊ.ഭ.വ. തീയതി, തിരുവനന്തപുരം: 02.07.2020

**സർക്കുലർ**

വിഷയം :- പൊതുഭരണ വകുപ്പ് - കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട് ഭരണ സിരാകേന്ദ്രമായ ഗവ. സെക്രട്ടേറിയറ്റിൽ പാലിക്കേണ്ട മുൻകരുതലുകൾ - മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്

കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട് സർക്കാർ ഓഫീസുകളിൽ പാലിക്കേണ്ട മുൻകരുതലുകളെപ്പറ്റി ഇതിനോടകം തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭരണ സിരാകേന്ദ്രമായ ഗവ. സെക്രട്ടേറിയറ്റിൽ പാലിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഇനി ഒരു അറിയിപ്പുണ്ടാകുന്നതുവരെ സന്ദർശകരെ കർശനമായി നിയന്ത്രിച്ചിരിക്കുന്നു.
2. ഔദ്യോഗികാവശ്യങ്ങൾക്ക് വരുന്ന സന്ദർശകർ ആവശ്യമായ രേഖകൾ കാണിച്ചാൽ മാത്രം പ്രവേശനം അനുവദിക്കാവുന്നതാണ്. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാരുടെയോ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥരുടേയോ ലിഖിതമായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ മറ്റുള്ളവർക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ. സന്ദർശകരുടെ പേരുവിവരങ്ങൾ പ്രവേശന കവാടത്തിൽ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഇതിനാവശ്യമായ ക്രമീകരണം ചീഫ് സെക്യൂരിറ്റി ഓഫീസർ ഏർപ്പെടുത്തേണ്ടതാണ്.
3. സെക്രട്ടേറിയറ്റ് കാമ്പസിനുള്ളിൽ എല്ലാ ജീവനക്കാരും മുഖാവരണം ധരിക്കേണ്ടതാണ്.
4. ജീവനക്കാർ കാമ്പസിനുള്ളിൽ സാമൂഹിക അകലം പാലിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടംകൂടി നിൽക്കാൻ പാടുള്ളതല്ല.
5. കാമ്പസിനുള്ളിൽ ജീവനക്കാർ അവരവരുടെ സെക്ഷനുകളിൽ മാത്രം ഒതുങ്ങി ജോലി നിർവ്വഹിക്കേണ്ടതാണ്. അനാവശ്യമായി മറ്റു വകുപ്പുകളിൽ സന്ദർശിക്കുന്നത് കർശനമായി ഒഴിവാക്കേണ്ടതാണ്.
6. ജീവനക്കാർ കാമ്പസിൽ നിന്നും പുറത്തു പോകുന്നതും സാമൂഹ്യ കൂട്ടായ്മകളിൽ പങ്കെടുക്കാൻ ഒരുമിച്ച് യാത്രചെയ്യുന്നതും ഒരു കാരണവശാലും അനുവദിക്കുന്നതല്ല.
7. ഔദ്യോഗിക യോഗങ്ങൾ അത്യാവശ്യ സന്ദർഭങ്ങളിൽ പരിമിതമായ ഉദ്യോഗസ്ഥരെ മാത്രം ഉൾപ്പെടുത്തി കൂടേണ്ടതും, കഴിയുന്നതും ഇതിനായി ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കേണ്ടതുമാണ്. ഇന്റർവ്യൂകൾ, ഔദ്യോഗിക ഹിയറിങ്ങുകൾ തുടങ്ങിയവ നടത്തുന്നതിന് വീഡിയോകോൾ അടക്കമുള്ള ഓൺലൈൻ/ വെർച്വൽ സംവിധാനങ്ങൾ ഉപയോഗിക്കേണ്ടതാണ്.
8. ഔദ്യോഗിക യോഗങ്ങളിൽ ചായ, ലഘുഭക്ഷണം എന്നിവയുടെ വിതരണം ഒഴിവാക്കേണ്ടതാണ്.
9. മുഖ്യമന്ത്രി, മന്ത്രിമാർ, ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി അടുത്ത് ഇടപഴകേണ്ടി വരുന്ന ജീവനക്കാർ പൊതുഗതാഗത സംവിധാനം കഴിയുന്നതും ഒഴിവാക്കി സ്വകാര്യവാഹനങ്ങളിൽ ഓഫീസിൽ എത്തിച്ചേരേണ്ടതാണ്.
10. സർവ്വീസ് സംഘടനകൾ കോവിഡ് പ്രോട്ടോകോൾ പാലിച്ചുള്ള പ്രവർത്തനങ്ങൾ മാത്രമേ നടത്താവൂ.

11. ഫിസിക്കൽ ഫയൽ പരമാവധി ഒഴിവാക്കി ഇ-ഫയൽ ഉപയോഗത്തിൽ വരുത്തേണ്ടതാണ്.
12. ലിഫ്റ്റിൽ ലിഫ്റ്റ് ഓപ്പറേറ്റർ അടക്കം ഒരു സമയത്ത് നാലുപേരിൽ കൂടുതൽ പാടില്ല.
13. ലിഫ്റ്റുകൾ, കൈവരികൾ, വാഷ്റൂം, വാതിൽ പിടികൾ എന്നിവ കൃത്യമായ ഇടവേളകളിൽ അണുവിമുക്തമാക്കാൻ ഹൗസ് കീപ്പിംഗ് വകുപ്പ് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.
14. ജീവനക്കാർ കോവണിപ്പടി ഉപയോഗിക്കുമ്പോൾ കൈവരിയിലുള്ള സ്പർശനം ഒഴിവാക്കേണ്ടതാണ്.
15. എല്ലാ വാഷ്ബേസിനുകളിലും വാഷ്റൂമുകളിലും സോപ്പിന്റെ ലഭ്യത ഉറപ്പാക്കേണ്ടതും ഇടയ്ക്കിടെ അണുവിമുക്തമാക്കാനും പൊതുഭരണ(ഹൗസ്കീപ്പിംഗ്) വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.
16. കോവിഡ്-19 നിർവ്യാപനത്തിൽ പങ്കാളിയാകുന്നത് ഔദ്യോഗിക സംവിധാനങ്ങൾക്കുപരിയായി സ്വന്തം കടമകൂടിയാണെന്ന് ഓരോ ജീവനക്കാരനും തിരിച്ചറിഞ്ഞ് പ്രവർത്തിക്കേണ്ടതാണ്. അവരവർ ഇരിക്കുന്ന സ്ഥലവും പരിസരവും സാനിറ്റൈസർ ഉപയോഗിച്ച് സ്വയം അണുവിമുക്തമാക്കുവാൻ എല്ലാ ജീവനക്കാരും അതീവ ശ്രദ്ധ ചെലുത്തേണ്ടതാണ്.

**കെ. ആർ. ജ്യോതിലാൽ**
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും
പൊതു ഭരണ സെക്രട്ടേറിയറ്റിലെ എല്ലാ സെക്ഷൻ ഓഫീസർ/ഓഫീസ് സൂപ്രണ്ട്/അണ്ടർ സെക്രട്ടറി
ഡെപ്യൂട്ടി സെക്രട്ടറി / ജോയിന്റ് സെക്രട്ടറി / അഡീഷണൽ സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറി
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
നിയമവും ധനകാര്യവും ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി. (വിപുലമായ പ്രചരണത്തിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ